# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **5941**

08/07/2013 - ലെ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ തെങ്ങുകൾ നശിച്ച കർഷകർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കടുത്ത വരൾച്ചയെ തുടർന്ന് പാലക്കാട് ജില്ലയിൽ തെങ്ങുകൾക്ക് നാശം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) തെങ്ങുകൾ നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (ബി) വരൾച്ച മൂലം തെങ്ങുകൾ നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) എത്ര രൂപയുടെ നാശനഷ്ടമാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്; | (സി) വരൾച്ച മൂലം 36.38 ഹെക്ടർ സ്ഥലത്തെ തെങ്ങുകൃഷി നശിച്ചുപോയതായും അതുവഴി 1,17,34,000/- രൂപയുടെ നാശനഷ്ടമുണ്ടായതായും തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) തെങ്ങുകൃഷിയെ നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (ഡി) പാലക്കാട് ജില്ലയിൽ സംസ്ഥാന നാളികേര വികസന പദ്ധതിയുടെ ഭാഗമായി 1000 ഹെക്ടറിൽ ശാസ്ത്രീയ പരിചരണ മുറകൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ഹെക്ടറിന് 17,500/- രൂപ വീതം 175 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2012-2013 വർഷത്തിൽ ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിച്ച 2000 ഹെക്ടറിൽ രണ്ടാം വർഷ പരിചരണ മുറകൾ അനുവർത്തിക്കാൻ ഹെക്ടറൊന്നിന് 9100/- രൂപ വീതം 182 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തെങ്ങിൻ തോട്ടത്തിൽ ഇടയിളക്കൽ, തെങ്ങിൻ തടം വൃത്തിയാക്കൽ, ജലസേചന സൗകര്യമൊരുക്കൽ, ഉല്പാദനക്ഷമത കുറഞ്ഞതും രോഗം ബാധിച്ചതുമായ തെങ്ങ് വെട്ടിമാറ്റൽ എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ